# പടർപ്പുകൾ

ആഴ്ന്നിറങ്ങിയ വേരിൻ പടർപ്പുകൾ
യാഥാർത്ഥ്യത്തെ ഇരുട്ടാൽ മൂടിയാൽ
ഉള്ളത് ഇല്ലാതാകുമോ? നടന്നത്
നടക്കാതെയാകുമോ?

മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്
**മാഗസിൻ 2024-25**

# CREDITS


| | |
|---|---|
| ചീഫ് എഡിറ്റർ | : ഡോ.സച്ചിൻ.പി.ജെയിംസ് |
| സ്റ്റാഫ് എഡിറ്റർ | : ക്രിസ്റ്റി അലക്സ് വർഗീസ് |
| സ്റ്റുഡന്റ് എഡിറ്റർ | : അശ്വതി.പി.ടി |
| രൂപകല്പന &കവർ | : അഹ്മദ് റശീഖ് |
| പ്രിന്റിംഗ് | : KT PRINTERS , മുക്കം |

Statement of ownership and other particulars about
the publication of student union, Malabar Christian College
Magazine 2024-25

| | |
|---|---|
| Publisher | : Dr.Sachin P James Principal, Malabar Christian College |
| Editor | : Aswathi P T Student editor,Malabar Christian College |
| Owner | : Malabar Christian College |
| Address | : Malabar Christian College Kozhikode -673001 |

I,Aswathi PT here by declare that the particulars given
above are true to the best of my knowledge and belief

Sd/ Aswathi PT



## "History will be kinder than the media."

Manmohan Singh



"ആഘോഷിക്കണമെന്ന് തോന്നിയിട്ടില്ല..
പക്ഷെ കാലത്തിനോട് നന്ദിയുണ്ട്,
ഇത്രയും കാലം എനിക്ക് അനുവദിച്ചതിന്,
അതു ദൈവമാവാം, എന്തുമാവാം..."

**എം ടി വാസുദേവൻ നായർ**

പ്രകൃതിയുടെ വികൃതിയിൽ
പൊലിഞ്ഞു പോയ
ജീവനുകൾക്ക്,
നാളെയുടെ സമാധാനത്തിൽ
വിശ്വസിക്കുന്ന കുരുന്നുകൾക്ക്,
സുഹൃത്തുക്കളുടെ അമിതമായ സ്നേഹത്തിനു
മുൻപിൽ ജീവൻ നഷ്ടമായവന്,
ജന്മം തന്ന വയറിന് അതേ
ജന്മത്താൽ മറുജീവൻ നൽകിയവന്,
മത ഭ്രാന്തന്മാരുടെ തോക്കിനു മുമ്പിൽ
ജീവിതം നഷ്ടമായവർക്ക്...

# സമർപ്പണം

# Principal's Message

Dear Students, Teachers, Parents, Alumni, and Well-Wishers of the Malabar Christian College Community,

Warm greetings to each one of you.

It is a matter of deep joy and pride to present this year's edition of our college magazine—a vibrant reflection of the life, achievements, and aspirations that define Malabar Christian College.

With sadness I am starting in a low note by quoting the incident of the recent landslide in Mundakkai on 30th July, 2024 which has left the community in shock and grief. It was a devastating natural disaster that resulted in significant loss of life and property. The incident highlighted the importance of disaster preparedness and mitigation measures in vulnerable regions. The tragic loss of lives, including an alumnus of our institution Smt. Prinyanka, is a shocking reminder of nature's fury. Our thoughts and prayers are with the families of the victims during this difficult time. May they find strength and solace in the memories of their loved ones. Our thoughts are with the affected families and communities, and we hope for their swift recovery and rebuilding in future.

We are more committed than ever to nurturing a community where learning is rooted in values, inspired



by curiosity, and driven by purpose. Ours is not just an academic institution; it is a space where individuals are shaped—intellectually, morally, and emotionally—to respond to the world with thoughtfulness, courage, and a sense of responsibility.

Today, education must rise above the transactional model of knowledge transfer. It must awaken the spirit of inquiry, foster creativity, and encourage ethical thinking. At Malabar Christian College, we strive to do just that—by blending tradition with innovation, discipline with freedom, and learning with experience. Our focus is not just on what students learn, but how they learn, why they learn, and who they become in the process.

This past year has seen renewed energy on our campus. Our students have brought us pride through their achievements—academic, artistic, cultural, and social. Faculty have continued to engage in meaningful teaching and research, creating spaces where critical thought and compassion intersect. We have taken steady steps to enhance our academic infrastructure, digital capacity, and co-curricular ecosystem, ensuring that our learners are equipped for a world that is dynamic, diverse, and demanding.

What sustains this momentum is a shared sense of purpose. Our institution continues to grow because of the collective dedication of our students, teachers, non-teaching staff, alumni, and well-wishers. Together, we form a living, evolving academic family bound by a deep commitment to excellence and service.

To our students, I say this: Be curious. Be kind. Be bold in your dreams and humble in your efforts. Education is not a destination—it is a lifelong journey of becoming. May you always strive to be not just successful, but significant.

With sincere appreciation and hope for the road ahead,

Dr. Sachin P. James
Principal in Charge
Malabar Christian College

# Manager's Message

Dear Readers,

Warm greetings to all members of the Malabar Christian College family.

It gives me immense pleasure to extend my heartfelt wishes through the pages of this esteemed college magazine. As we reflect upon another fruitful academic year, I am reminded of the rich legacy and enduring spirit that define our institution.

Malabar Christian College has always stood as a beacon of knowledge, character, and commitment. As the Manager, I have witnessed the unwavering dedication of our faculty, the sincere efforts of our students, and the tireless support of our administrative staff—all working in harmony to uphold the values upon which this college was founded.

This magazine is more than just a collection of articles and creative expressions; it is a vibrant reflection of our intellectual curiosity, cultural diversity, and academic achievements. I congratulate the editorial team for their diligence and vision in bringing this publication to life.



As we journey forward, may we continue to uphold the highest standards of excellence in education and nurture generations who will serve society with wisdom and compassion.

With warm regards,

Mr. Kennet Lazar
Manager
Malabar Christian College

# Editorial


അന്ധമായ മതഭ്രാന്തിൽ നിന്നും മുളപൊട്ടിയ വേരുകൾ സ്ത്രീയുടെ ശരീരത്തെയും സ്വാതന്ത്ര്യത്തെയും വിലയിരുത്തി. മനുഷ്യന്റെ നിറത്തെ ചോദ്യം ചെയ്തും, പിഞ്ചു കുഞ്ഞുങ്ങളുടെ മുമ്പിൽ കണ്ണുകൾ മുറുക്കെ അടച്ച് കാതുകൾ മുറുക്കെ പൊത്തിക്കൊണ്ട് പടർന്നു കയറിയ വേരിന്റെ പടർപ്പുകളിൽ നിന്നും ഇന്നും കേൾക്കാമത്രെ ആർത്തു കരയുന്ന സത്യത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും കരച്ചിൽ.

ചുറ്റും പടർന്നു കിടക്കുന്ന ഇരുട്ട് മൂടിയ പടർപ്പിനുള്ളിലൂടെ ഉൾകണ്ണ് തുറന്നു നോക്കിയാൽ കാണാമത്രേ നിസ്സഹായതയോടെ തന്റെ മുന്നിലെ അനീതികൾ കാണാനാവാതെ കറുത്ത തുണിയാൽ കണ്ണുകൾ കെട്ടിവെച്ച നീതി ദേവതയെ...

എഡിറ്റർ
**അശ്വതി പി.ടി.**








നിന്റെ ചുറ്റിലും പടർപ്പുകളാണ്...
നിന്റെ മുന്നിലെ യാഥാർത്ഥ്യങ്ങളെ നിന്നിൽ
നിന്നും മറയ്ക്കാൻ കാത്തു നിൽക്കുന്ന
മൂർച്ചയേറിയ വേരിൻ പടർപ്പുകൾ...


പടർപ്പു
കൾ



**Gayathri P**
IIIrd Bsc Physics

# ഭ്രാതാവ്



എരിയുന്നകനലിൽ ഞാനെന്നും ഉരുകി
ത്തീരുന്നു.....
ശരീരം ചുട്ടു പൊള്ളുന്നു
ഓർമ്മകൾ ഏവർക്കും കുളിരെങ്കിലും ചിലതു
തണുക്കാത്ത കനലായി കിടന്നിടും
ഹേയ് ദുഷിച്ചകാലമേ ജ്യേഷ്ഠനെന്നു
വിളിച്ചവനെ നീയെൻ പുത്രന്റെ താതൻ
ആക്കിലെയോ
മണ്ണപ്പം ചുട്ടു കളിച്ചിടും പ്രായത്തിൽ പേറ്റു
നോവിൻ വേദനയോ..
മിഠായി തൻ മധുരത്തിൽ ഒളിഞ്ഞിടും കാമ ഭ്രാന്ത്
അറിയാതെ പോയതോ !..
ഒരമ്മ തന്ന പാലിൽ നിന്നു വളർന്നവർ..,
കൂട പിറപ്പിൻ മാറിൽ കണ്ടത് കാമമോ....
നീറ്റൽ മാറാതെ ശരീരവും മനസ്സും
പുസ്തകതാളുകളിൽ മഷിമുക്കി പകരം പുരണ്ടത്
രക്തമോ
ഇരുട്ടിനെ ഭയന്ന കാലം ഇന്നിതാ
വെളിച്ചത്തെയും
കുഞ്ഞുടുപ്പിൽ പുരണ്ട കറ,
കാർമേഘം മൂടിയ ആകാശവും മനസ്സും
അന്ന് നീ എനിക്കായി നൽകിയ കുപ്പിവളകൾ
നീതന്നെ പൊട്ടിച്ചെറിഞ്ഞപ്പോൾ
പൊട്ടിയതൊക്കയും എന്റെ സ്വപ്നങ്ങൾ...

അറിയില്ല....
നീറുന്നു പുകയുന്നു ഉണങ്ങാത്ത വ്രണം പോൽ



**Krishnendu R**
Ist BA Malayalam

# നിന്റെ നിഴലും എന്റെ നിറവും

നിനക്ക് ഭയമായിരുന്നില്ലേ;
ഒച്ചയെടുക്കുവാൻ, വെളിപ്പെടുവാൻ
ജനലിനപ്പുറത്തെ കാഴ്ചകൾ കാണാതെ,
താണ ചില്ലയുടെ ഒരുപൂ ഒടിക്കാതെ,
പാതവിളക്കിനെ സ്തുതിക്കാതെ,
അവകാശ നിഷേധങ്ങളോട്
പുഞ്ചിരിച്ച് നീ ഒളിച്ചിരുന്നില്ലേ;
എനിക്ക് നിറമുണ്ടായിരുന്നു
ആകാശവും പൂക്കളും
രാത്രികളും ഉണ്ടായിരുന്നു
എന്റെ നാവിന് ചങ്ങലകളെ
ഭയമില്ലായിരുന്നു; എന്നിട്ടും
എന്തേ ഞാൻ വിലക്കപ്പെട്ടു.
നിന്റെ നിഴലായിരുന്നുവോ ശരി,
ആവുക വഴിയില്ല;
അത് നിനക്ക് തന്നത് ജീവിതം
മാത്രമാണ്.
എന്റെ നിറം എനിക്ക് തന്നത്
സ്വാതന്ത്ര്യവും...





**Fathima Thasliya**
IInd BSC Chemistry

# Life

Amidst,  all the rush
Some were going to work
Some were going to school
and some has  their rushes

But the traffic block summoned,
Everyone for some minutes,
Just like life!!!

In life
Everyone has their own
business
Their own things to do
But cat just like calamities or situations ,
Bring people together in  Life…..
Traffic blocks bring the
rushers together…..
Just like , after the calamities
people go to their own business
After every traffic rushes people go to their own
roads ..

Just like
Life happens, in a rush  hour
Momentary and temporary
Makes you  worry thinking you are going to be
late,
But when the rush  end the worry goes….
Just like  temporary rush, life happens…….







**Krishnendu Das**
IInd BA Malayalam



# ജീവിത വീഥികൾ

മാഞ്ഞു പോയ ഓർമകളെ വെറുതേ
പിന്തുടരുന്നതിൽ കാര്യമില്ല
ഗ്രഹിക്കുവാനാകാതെ പോയ
സ്വരങ്ങളെയോർത്ത്
പശ്ചാത്തപിച്ചതിൽ നേട്ടമില്ല
ഇന്നു താങ്ങായി നിൽക്കുന്ന മുഖത്തെ ഒരിക്കലും
മറക്കാതെ മനസ്സിൽ സൂക്ഷിക്കുക
ഇനിയുള്ള ലോകത്തെ ധ്യാനിച്ച് ജീവിതവീഥികൾ
സുഖപ്രദമാക്കുക...





**Bhavan**
IInd BSC Physics

# SILVER LINING

Is it naive to seek the light?
when the scars have carved their truth so deeply
into my skin,
that i barely recognize myself anymore?
Or is it just the last, desperate grip
of hope,
a survivor too stubborn to die,
clinging to the wreckage
of someone I used to know?
Maybe it's not hope at all,
but the memory of it all.
reminding me of everything l've lost
while pretending there's something left to save.
The light feels so far away now,
fading like the person i used to be.



**Fidha Parvin**
IInd MCJ

# നിധി



ഡോക്ടർ വിളിച്ചപ്പോഴാണ് റസിയ കണ്ണ് തുറന്നത്. അവൾ ആകെ വിയർത്ത് പോയിരുന്നു, അരുൺ അവളുടെ മുഖത്ത് വെള്ളം കൊണ്ട് തുടച്ചു. അവൾക്ക് ആകെയൊരു മൂളൽ മാത്രമേ കേൾക്കാൻ സാധിച്ചിരുന്നുള്ളൂ. കണ്ണിൽ ഇരുട്ട് കയറി, ഡോക്ടർ ഒരു ഗ്ലാസ്സ് വെള്ളം അവൾക്ക് നേരെ നീട്ടി. തിരിച്ച് കാറിൽ കയറിയപ്പോൾ അവർ പരസ്പ്പരം ഒന്നും സംസാരിച്ചില്ല. അവൾ പുറത്തേക്ക് നോക്കി കണ്ണീർ പൊഴിച്ചു.

റസിയയും അരുണും വേങ്ങരയിലുള്ള ഒരു ചെറിയ വാടക വീട്ടിലാണ് താമസം. രണ്ട് മതക്കാർ തമ്മിലുള്ള വിവാഹം നടന്നതിനാൽ ഇരുവരെയും വീട്ടുകാർ തള്ളി. ഇടയ്ക് അരുണിന്റെ അമ്മ വന്ന് മകനെ കാണും. അച്ഛനെ ഭയന്ന് വല്ലപ്പോഴുമാണ് വരാറ്. കാർ ട്രാഫിക്കിൽ നിർത്തിയപ്പോൾ, കാറിന്റെ ചില്ലിൽ വന്ന് ഒരു സ്ത്രീ മുട്ടി ഭിക്ഷയാചിക്കാൻ വന്നു ഒരു പാവം സ്ത്രീയായിരുന്നു. അവളുടെ അരക്കെട്ടിൽ അള്ളിപിടിച്ചു നിൽക്കുന്ന ഒരു പിഞ്ചുകുഞ്ഞ്. കുഞ്ഞ് അവളെ 'അമ്മേ' എന്ന് വിളിക്കുന്നു എന്ന് അവൾക്ക് തോന്നി. കുഞ്ഞിന്റെ മുഖത്ത് ഒന്ന് തലോടാൻ അവൾ ഗ്ലാസ് താഴ്ത്താൻ തുനി ഞ്ഞപ്പോഴേക്കും സിഗ്നൽ കഴിഞ്ഞു. പുറകിൽ നിന്ന് ഹോൺ മുഴങ്ങി. അരുൺ അവളോട് ഒന്നും മിണ്ടുവാൻ ശ്രമിച്ചില്ല. വീട്ടിൽ എത്തിയ അരുണും റസിയയും പൊട്ടിക്കരഞ്ഞു.

വീട്ടുകാരെ ധിക്കരിച്ചതിന് ദൈവം തന്ന ശിക്ഷയാണ് എന്ന് പോലും അവൾ വിശ്വസിച്ചു.

'റസിയ നീ കരുതും പോലെ നിനക്ക്



ഒരു കുഴപ്പവും ഇല്ല, പ്രായം കൊണ്ട് നമ്മൾ ചെറുപ്പമാണ്. നിന്റെ ഗർഭപാത്രത്തിന് ഒരു കുഞ്ഞിനെ താങ്ങാനുള്ള ശക്തി ഇപ്പോഴില്ല എന്നേയുള്ളൂ. അല്ലാതെ നമ്മുക്ക് കുട്ടികൾ ഉണ്ടാവില്ല എന്നല്ല.' എന്ന് അരുൺ അവളെ സമാധാനിപ്പിച്ചു. 'വിശേഷമായില്ലേ' എന്നുള്ള ആളുകളുടെ ചോദ്യം അവളെ മാനസികമായി തളർത്തി. ഒരു കുഞ്ഞിക്കാൽ കണ്ടാലെങ്കിലും അച്ഛന്റെ മനസ്സ് മാറ്റാൻ സാധിക്കും എന്ന് വിചാരിച്ച അമ്മയ്ക്ക് തെറ്റി. ആരുമില്ലെങ്കിലും നിന്റെ കൂടെ ഞാനുണ്ടെന്ന അരുണിന്റെ വാക്കുകൾ മാത്രമേ അവൾക്കൊപ്പം ഉണ്ടായിരുന്നുള്ളൂ.

ഒരാഴ്ച കഴിഞ്ഞ് വീണ്ടും അവൾ ഡോക്ടറെ കാണാൻ പോയി. നിരവധി ടെസ്റ്റുകൾ ചെയ്തും പ്രതീക്ഷയ്ക്ക് വകയില്ലെന്ന് ഡോക്ടർ അരുണിനോട് തീർത്തു പറഞ്ഞു.

ഒരു കുഞ്ഞെന്ന സ്വപ്നത്തിന് വേറെയും അവസരങ്ങൾ ഉണ്ട്. വാടക ഗർഭപാത്രത്തെകുറിച്ച് ഡോക്ടർ പറഞ്ഞു മനസ്സിലാക്കി.

ഒരു കുഞ്ഞിന് ജന്മം നൽകാൻ സാധിക്കാത്തതിനാൽ അവൻ ഉപേക്ഷിക്കുമെന്നു ഭയന്ന അവൾ വാടകഗർഭത്തിന് സമ്മതിച്ചു.

ഡോക്ടറും വാടകഗർഭത്തിന് അനുയോജ്യമായ സ്ത്രീയെ തിരഞ്ഞു തുടങ്ങി, ഒടുവിൽ ഒരു സ്ത്രീയുണ്ടെന്ന് പറഞ്ഞ് അവരെ കാണാൻ ഡോക്ടറും അവരും ഒരു ഗില്ലിയിൽ എത്തി. തേടി നടന്നു. ആ സ്ത്രീയ്ക്ക് ഒരു മേൽ വിലാസം ഉണ്ടായിരുന്നില്ല. പല വീടുകൾ മാറി കയറിയപ്പോൾ അവർ അവരെ ചീത്ത പറഞ്ഞ് ഇറക്കി വിട്ടു. സ്ത്രീയെ കാണാതെയുള്ള വിഷമത്തിൽ ഡോക്ടറും അവരും തിരികെ പോകാൻ നിൽക്കവേ പുറത്ത് ഭയങ്കര ബഹളം, അവർ പുറത്തേക്ക് നോക്കിയപ്പോൾ ഒരു സ്ത്രീയെ വണ്ടി തട്ടിയിരിക്കുന്നു. ആരും അവരുടെ അടുത്തേക്ക് പോകുന്നില്ല. കൂട്ടത്തിൽ ആരോ ഇവരോട് പറഞ്ഞു നിങ്ങൾ അന്വേഷിച്ചു നടക്കുന്ന സ്ത്രീയാണവരെന്ന്. അവർ ഓടി അവരുടെ അടുത്തെത്തി. അവൾ നോക്കുമ്പോൾ അന്ന് ട്രാഫിക്കിൽ കണ്ട സ്ത്രീയായിരുന്നു അത്. അവൾക്കരികിലായി ഒരു പിഞ്ചു കുഞ്ഞ് കരയുന്നു. തന്നെ നോക്കി കരയുന്ന പോലെ അവൾക്ക് തോന്നി.

സിഗ്നലിൽ നിർത്തിയപ്പോൾ കാറിൽ നിന്നും കുഞ്ഞ് കരഞ്ഞു. അവൾ കുഞ്ഞിനെ നെഞ്ചോട് ചേർത്തു, നെറ്റിയിൽ ഉമ്മ വച്ചു. 'നിധി' എന്നവർ അവൾക്ക് പേര് നൽകി.



**Parvati Aarichal kalarikkal**
Ist MSC Mathematics

# Was I Ever Yours?

Mama ,
when my tiny heart began to beat,
did you feel it?
Did you wonder
who I was becoming inside you?

When the quiet came to claim me,
did you ache?
or did you make yourself forget
I was ever here?

Was I just something
you had to end
so life could go on as before?

Did you ever picture my face,
imagine my first cry,
my small hand closing around your
finger?


Did you tell yourself
I was nothing
so it would hurt less
when you let them take me?

I was not an idea.
I was not a burden.
I was a beginning
and I was yours.

Tell me,
When the world goes still,
when memory finds you in the dark,
do you ever whisper to the silence:

Was I ever meant to stay?
Was I ever really loved?





**Aswathi M**
IInd MA History

# ഇരുൾ

നിഴലിലേക്കൊന്നു ഞാൻ മാറിനിന്നേയ്ക്കാം
നിറവെട്ടമെന്നിൽ പതിയാതിരിക്കുവാൻ
ഇരുളാണിന്നെന്റെ കളിത്തോഴി നീണ്ട
ഇരവിലും പകലിലും പ്രിയതോഴി

മുഖം മനസ്സിന്റെ കണ്ണാടിയെന്നൊരു
പഴമൊഴി പാട്ടുഞാൻ കേട്ടിരുന്നു
പുതുമൊഴിയായി ഞാൻ പാടാൻ കൊതിക്കുന്നു
മുഖം മനസ്സിനെ മറയ്ക്കുന്ന കണ്ണാടി

അകന്നു പോകുവാൻ ആശിച്ചതില്ല ഞാൻ
ആരേയും അകറ്റി നിർത്താനുമായില്ല്
എങ്കിലും എന്നെ ഒളിഞ്ഞും തെളിഞ്ഞും
ഏറെ പഴിചൊല്ലി അകറ്റീപ്രിയജനം

കേൾക്കാതിരിക്കുവാൻ ഒന്നും കാണാതിരിക്കുവാൻ
ഓരോരോ ഓരങ്ങൾ ചേർന്നു ഞാൻ പോകിലും
ഒറ്റയ്ക്കാണെന്നുമെന്നും എന്നോർമപ്പെടുത്തുവാൻ
ഒത്തിരി പരിശ്രമം ചെയ്തവർ പിന്നെയും

പാടവരമ്പത്തെ പൊത്തിലിരിക്കുന്ന
ചെറുഞ്ഞണ്ടിനെ ഞോണ്ടി പിടിക്കുന്നതിൻപടി
ചിക്കി, ചികഞ്ഞു കുടഞ്ഞു പിടിപ്പവർ
കുറ്റങ്ങൾ തൻ ഭാരഭാണ്ഡങ്ങളൊക്കെയും പേറി

ഇനിയില്ല ഓരങ്ങൾ പാത്തും പതുങ്ങിയും
ഇനിയുള്ള കാലങ്ങൾ നടന്നുനീങ്ങീടുവാൻ
ഇരുളെന്റെ ജീവിതം ഇരുളെന്റെ ജീവനം
ഇരുളെന്റെ ജീവനിൽ ഇഴുകുന്ന ബന്ധനം.



**Sahla Farsana**
Ist BA History

# പ്രത്യാശ

വിഷാദമെന്നിൽ
പൂത്തുലഞ്ഞു നിന്ന
നേരമൊക്കെയും
അകവും പുറവു-
മിരുട്ടിൻ വീഥികൾ
നീണ്ടു നിവർന്നു കിടന്നു...
ഇരുൾ വീണ
വീഥിയിലൂടെ ഇമയനക്കി
ഏകാകിയായ് ഞാൻ
നടന്നു നീങ്ങി...
കണ്ണിമ ചിമ്മിയ
നേരമെന്നിലാ
ഇരുളെന്റെ വീഥിയി-
ലായൊരു പ്രത്യാശ
തൻ ഇലയനക്കം
കേൾപ്പിച്ചു തന്നു...
മെല്ലെ ഇരുളിനെ
മാറ്റി ഞാനാ പ്രത്യാശ
വലയത്തിൻ വാതിൽ
മെല്ലെയൊന്നു തുറന്നിടട്ടെ...





**Arya P**
IInd BA History

# Who Am I?

Who am I,
A question whispered
simple in sound,
heavy in soul
A woman of cracks and curves,
of flaws etched like constellations,
I find galaxies
in the smallest things
the blink of a cat's eye,
the sigh of a sunset,
ink stained fingers and
paint on tired palms.
What's small to the world
holds entire lifetimes in me.
Sometimes,
I search for myself
and return with silence.
A twenty year old heart
too full to speak,
too soft to scream.
So I create.
I let art speak what my mouth cannot.
Let color carry what words won't hold.
a tangle of thoughts,
an ocean of tenderness,
a storm dressed in quiet.
the girl who watches
not because she doesn't feel,
but because she feels too much.
some things bloom better
in stillness.
I carry love like candlelight
gentle, glowing,
even when it flickers.
And gratitude sits in the corners ,
unspoken, steady
a prayer without words.
So who am I?
A poem unfinished.
A question still becoming.




**Fathimajumana C**
IInd BSc Mathematics

# उसकी अनसुनी आवाज़

उस रात, उसकी रोशनी छीन गई
टूटा उसका शरीर आत्मा दूर कहीं बिखर गई
इस दुनिया में जहां खामोशी का शोर है
उसकी चीखे भी कहीं गुमसुम हो गई

उसकी गलती क्या थी, उसका पहनावा?
या उस समय अकेली बाहर आ गई बेचारी?
या उसकी गलती सिर्फ इतनी है कि
उसने एक लड़की के रूप में जन्म लिया इस समाज में?

जो उसे तोड़ता है, जैसे वह कोई चीज है



वह जोर-जोर से चिल्लाई, लेकिन किसी ने नहीं
सुना वह चीखती रही, सब ने उसकी आवाज
अनसुनी कर दी

जिसने सुना उन्होंने कान बंद कर दिए
क्यों यह दुनिया इतनी बेरहम है?
क्यों हर कोने में बस खौफ और सन्नाटा है?

वह कमजोर नहीं हुई, टूटी नहीं
उसने धीरे-धीरे फिर हिम्मत की उठने की



वह उठेगी, जलते दीपक की तरह
इस अंधेरे को मिटाएगी, हर रोज, हर रात

अब अवसर है, उसे मत रोको
उसकी पहचान, उसकी इज़्ज़त लौटाने दो
एक नया दिन आएगा, एक नई सुबह आएगी
उसकी आवाज सुनी जाएगी
अब कोई लड़की इस दर्द से न गुजरेगी।





**Nithya. M**
IIIrd BA FUNCTIONAL ENGLISH

# അവളുടെ വിധി



പ്രിയമുള്ളതെല്ലാം നഷ്ടപ്പെട്ടു
എന്ന് അറിഞ്ഞിട്ടും
വന്നില്ല ഒരു നേർത്ത കണ്ണുനീർ തുള്ളിപോലും
വിധിയെന്ന് ഓതുവാൻ
നാലുചുവരുകൾ ഉണ്ടായതുകൊണ്ടാകാം
വേദന അറിയാതെ പോയത്
ഹൃദയം നുറുങ്ങി പിടഞ്ഞപ്പോഴും
വിധിയെ പഴിച്ചവളാണ് നീ

എന്നാൽ അവൾക്ക് വിധിയല്ല
ജീവിതം, എന്ന് പകർന്ന്
ഓതിയ ഒരാളുണ്ട്
അവളെന്നും പ്രണയിച്ചത്
ആ വെളിച്ചത്തെയാണ്
എന്തുകൊണ്ടോ ആ വെളിച്ചം
അവളിൽ നിന്ന് മങ്ങിതുടങ്ങി
കാറ്റിന്റെ വേഗം കൊണ്ട് ആ
സ്നേഹക്കടൽ അവളെ തഴുകി

വീണ്ടും വെളിച്ചത്തിന്റെ
കിരണങ്ങൾ അവളിലേക്ക് അടുത്തു
വീണ്ടും മന്ത്രിച്ചു, വിധിയല്ല ജീവിതം!
അജ്ഞാതമായ വെളിച്ചത്തെ അവൾ തിരിഞ്ഞു നോക്കി
അവളിൽ അലിയാൻ കഴിയാതെ
ആ കിരണങ്ങൾ മാഞ്ഞുപോയി...

അവളുടെ മൊഴിയിൽ നിന്ന് അടർന്ന
ചില്ലുമുനകൾ അവളിലേക്ക് തുളഞ്ഞുകയറി
വിധിയല്ല ജീവിതമെങ്കിൽ
എന്തുകൊണ്ട് അവൾക്ക് ഏറെ പ്രിയപ്പെട്ട കിരണങ്ങൾ
അവളിൽ നിന്ന് മാഞ്ഞുപോയി?



**Jaiprakash Raghaviah**
Former Manager,
Malabar Christian College

# An Ode to Gen Z

Today, throughout the world, the present generation of young men and women are referred to as Gem Z. The conflict between generations is as old as history. But at no time in the past, Gen Z acquired a certain universality through which they are identified. We may attribute this to the information revolution, the internet, the reach of social media and the fast changing events in the political and economic world order.

Is it right for an 'ancient' man like me to talk about Gen Z from a judgmental angle? Not at all. Every generation has redefined itself. They have looked at their previous generation very critically and often with a sense of disdain. Moreover, I myself have four grandchildren who



belong to Gen Z. I can talk about Gen Z only rather lovingly.

Gen Z lives in a rather turbulent environment. The spectre of climate change looms large. It has started changing the way they live. Rains do not come in time and when they come; it is torrid, accompanied by landslides and endless destruction. Throughout the world, effects of desertification marked by hotter summers and harsher winters are felt. Technology is growing at a very fast pace. To give some examples, for the mankind it took two hundred years of vivid imagination for flying before the first powered flight by Wright Brothers took place in 1903. But it took just 66 more years for man to walk on moon. The time taken for discovery of atomic fission and explosion of the first atom bomb was just 6 years. Now, Artificial Intelligence (AI) has started entering every sphere of human activity and there is a legitimate fear that the impact of AI on human lives could be horrendous. The day when AI becomes a master and not a slave can be envisaged.

Gen Z appears to be aware of what is happening around them. It has started effecting their life and relationships. Employment opportunities are getting reduced and there is a fear of job insecurity looms large. In this environment, a job is being considered as a stepping stone for another. A person can go up in a job or go out. In such a rubric, can Gen Z think of self actualization through his job? Or is the objective of doing a job is just the



money that it gives and thus enjoyment money can provide Corporate leaders have started talking about 90 hours work week. Will such jobs be a passion as corporate leaders would like to pontificate?

Gen Z tends to seek some refuge in drugs and often in profane relationships. Here, we must avoid the danger of glorifying the past. In older days marriages were arranged according to the prevailing social norms. Marriages were not adult sexual choices. Then came the romantic revolution. In my own generation, writing of love letters was an art which some possessed in abundance. Gen Z would rather not waste time in writing love letters. Emojis and G P Chats have taken over. Gen Z seem to be unable to enter into stable relationships or they prefer a more casual approach to love life. There is also a brighter side.

Now, women and girls have become more assertive and more independent seeking security in their jobs. I would like to think that this is better than what happened in yesteryears. A woman who got married when she was 13 years and became a mother at 14 once told me: “I lost my childhood. My life was bonded labour”. Gen Z would never accept such a predicament.

In Kerala, the change of attitude is best seen in the way women and girls dress. Saree is fast disappearing and is often seen as bondage. Saree has given way to Salwar and jeans indicating need for freedom of movement. All traditional norms of dress are broken or being broken.


This appears to be one side of the story. There is another side. Gen Z live in a ‘two minutes’ culture by which I mean that like noodles, everything can be produced in two minutes. In the academic field technology enables this two minutes culture. Paragraphs can be copied and pasted and assignments completed in two minutes! Can genuine knowledge production take place in such an environment? Decades back poet T. S. Eliot moaned: “Where is the wisdom we have lost in knowledge? Where is the knowledge that we have lost in information?”

Solid achievement in any field is result of honest enquiry and honest work. I am sure that Gen Z would realize this and set their sights higher. Gen Z sees through the hypocrisy of their elders and is not afraid to talk about it. In the process, Gen Z could emerge to be more self- critical.




In this vicissitude of time, Gen Z is restless and perhaps feels like floating on water. Reacting to this situation, I am sure that Gen Z will develop a reflective quality in life. I am also sure that Gen Z will develop greater capacity to live with failures and disappoints and accept these as part of life.

I salute Gen Z



എന്തേ... നിങ്ങൾ കേട്ടില്ലേ
ഒന്നും മിണ്ടാൻ കഴിയാതെ
നിസ്സഹായതയോടെ
നിൽക്കുന്നവരുടെ ശബ്ദം...?
ഇനിയും കണ്ടില്ലേ അനീതികളെ
എതിർക്കാനാവാതെ
നിശബ്ദയായ
നീതി ദേവതയേ...?



നീ പറയാതെ ഇരിക്കുന്ന ഓരോ
അനീതിയും, നീ കേൾക്കാതെ
നിൽക്കുന്ന
നിസ്സഹായതയുടെ ശബ്ദവും
മറ്റൊരാളുടെ മനസ്സിലേക്ക്
ആഴ്ന്നിറങ്ങുന്ന വേദന
നിറഞ്ഞ വേരിൻ പടർപ്പുകളാണ്...

# പെൺ കരുത്തിന്റെ മറ്റൊരു മുഖം

*"നിങ്ങൾക്ക് ചെയ്യാൻ കഴിയില്ലെന്ന് നിങ്ങൾ വിശ്വസിച്ചിരുന്ന കാര്യം എപ്പോഴാണോ ചെയ്യാൻ തുടങ്ങുന്നത് അന്ന് നിങ്ങൾക്ക് നിങ്ങളുടെ വിജയം കാണാം..."*

– രമ്യ ഗണേഷ്

കേരളത്തിലെ ആദ്യത്തെ വീൽ ചെയർ മോഡൽ, ഭിന്നശേഷിക്കാരായ വ്യക്തികളിൽ സാക്ഷരതാ മിഷനിൽ പഠിച്ച് കോളേജ് അഡ്മിഷൻ നേടിയ വ്യക്തി, സ്വപ്നചിത്രയുടെ കോർഡിനേറ്റർ തുടങ്ങി ജീവിത പ്രതിസന്ധികളിൽ അടിപതറാതെ മുന്നേറിയ പെൺ കരുത്ത്.



*കുട്ടിക്കാലത്ത് സ്കൂളിൽ പോകുമ്പോൾ മറ്റു കുട്ടികളിൽ നിന്നുള്ള പെരുമാറ്റം ചേച്ചിയെ ബുദ്ധിമുട്ടിച്ചിട്ടുണ്ടോ?*

"എനിക്ക് അങ്ങനെയൊരു അനുഭവം ഉണ്ടായിട്ടില്ല. പത്ത് മാസം പ്രായമുള്ളപ്പോൾ പോളിയോ കുത്തിവെപ്പിനെ തുടർന്നുണ്ടായ പനി തലച്ചോറിനെ ബാധിച്ചിട്ട് ഉണ്ടായ കണ്ടീഷനാണിത്. ആ ഒരു സമയത്ത് ICU വിൽ ആവുകയും കുഞ്ഞ് മരിച്ചു പോകുമെന്ന് പറഞ്ഞിടത്തു നിന്നും ഉണ്ടായ ജീവിതമാണ്. എനിക്ക് ഒന്നര വയസ്സായപ്പോളാണ് വീട്ടിലെല്ലാവരും ഇത് തിരിച്ചറിയുന്നത്. അമ്മയും അച്ഛനും പറയുമായിരുന്നു രണ്ടര വയസ്സിൽ നോർമലി കുട്ടികൾ കൈപിടിച്ച് നടക്കുന്നത് പോലെ ഞാൻ നടക്കുമായിരുന്നു എന്ന്. കുട്ടിക്കാലത്ത് ഈ കണ്ടീഷനെ പറ്റി വലിയ ധാരണ ഇല്ലാത്തതിനാലാവാം അങ്ങനെ മോശമായ അനുഭവം ഉണ്ടായിട്ടില്ല. പിന്നെ ആകെ ഉണ്ടായ ഒരു സങ്കടം എന്ന് പറയുന്നത് സ്കൂൾ അസംബ്ലിയിൽ നിൽക്കാൻ കഴിയാത്തതും, മറ്റു കുട്ടികളുടെ കൂടെ ഓടിക്കളിക്കാൻ കഴിയാതെ ക്ലാസ്സിൽ ഇരിക്കേണ്ടി വന്നതെല്ലാമാണ്."

*ഒരു പെൺകുട്ടി എന്ന നിലയ്ക്ക് ഈ അവസ്ഥയിലൂടെ കടന്നു പോകുമ്പോൾ എന്തൊക്കെ അനുഭവങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട് ?*

"എന്റെ കുടുംബത്തിന്റെ സംരക്ഷണം ഉള്ളത് കൊണ്ടാവാം മോശമായിട്ടുള്ള അനുഭാവം ഉണ്ടായിട്ടില്ല. ഒരു ഡിസേബിൾ ആയിട്ടുള്ള പെൺകുട്ടി എന്ന നിലയ്ക്ക് വീൽ ചെയറിന് വേണ്ട സൗകര്യം നമ്മുടെ പൊതുയിടങ്ങളിൽ ഇല്ലാത്തതിനാൽ അവിടെ നിന്നെല്ലാം എടുത്ത് പോകുന്നത് പോലെയുള്ള ചില മോശം അനുഭവങ്ങളെ ഉണ്ടായിട്ടുള്ളൂ."

*ഒരു ഡിഗ്രീ പഠനത്തിനായി ക്രിസ്ത്യൻ കോളേജ് തിരഞ്ഞെടുക്കാൻ എന്തെങ്കിലും കാരണം ഉണ്ടോ?*

"ഞാൻ ജോയിൻ ചെയ്യുന്നതിന്റെ



മുന്നത്തെ വർഷം ക്രിസ്ത്യൻ കോളേജിൽ കോളേജ് ഡേയിലെ പ്രോഗ്രാമിനോടനുബന്ധിച്ച് ചെറിയൊരു പരുപാടിയിൽ പങ്കെടുക്കാൻ വന്നിരുന്നു. ആ സമയം ആ ഒരു ക്യാമ്പസ്സും അതുപോലെ ആ പ്രോഗ്രാം നടന്ന ഇടങ്ങളെല്ലാം വീൽ ചെയർ സൗകര്യം ഉണ്ടായിരുന്നതും അവിടെ ചേരാൻ ഒരു കാരണമായിരുന്നു. പിന്നെ എന്റെ വീട്ടിലേയ്ക്കുള്ള ദൂരക്കുറവും വണ്ടിയിൽ വന്നിറങ്ങാനുള്ള സൗകര്യം ഉള്ളതിനാൽ അവിടെ ചേരാമെന്ന് തീരുമാനമായി. അതുപോലെ പഠനത്തിൽ വലിയൊരു ഗ്യാപ്പിന് ശേഷമാണ് സ്ഥിരമായി പഠനത്തിലേക്ക് വരുന്നത് അതിനാൽ തന്നെ കോഴിക്കോട് ടൗണിലെ ഒരു കോളേജിൽ പഠിച്ചിറങ്ങണം എന്നൊരു ആഗ്രഹവും ഉണ്ടായിരുന്നു."

*ക്രിസ്ത്യൻ കോളേജിൽ നിന്നും ഒരിക്കലും മറക്കരുത് എന്നാഗ്രഹിക്കുന്ന ഒരനുഭവം പങ്കുവയ്ക്കാമോ?*

"മലയാളം ഡിപ്പാർട്ട്മെന്റും ക്ലാസ്സിലെ

കുട്ടികളുമാണ് എനിക്ക് മറക്കാനാവാത്ത ഒരനുഭവം എന്ന് പറയുന്നത് തന്നെ. എന്റെ ക്ലാസ്സിലെ കുട്ടികളുടെ ആ ഒരു ചേർത്തു നിർത്തൽ കൊണ്ട് ആ മൂന്ന് വർഷത്തിനിടയിൽ ആകെ 1 തവണ മാത്രമേ എന്റെ അമ്മ കോളേജിൽ വന്നിട്ടുള്ളു , അതിൽ തന്നെയുണ്ട് എത്രത്തോളം അവരെന്നെ നോക്കിയിട്ടുണ്ട് എന്ന്. പ്രായ വ്യത്യാസം ഉണ്ടായിട്ടും ഇങ്ങനെയൊരു പരിമിതി ഉണ്ടായിട്ടും ക്ലാസ്സിലെ എന്റെ കുറച്ച് അനിയന്മാരിൽ നിന്നും അനിയത്തിമാരും നിന്നും എന്റെ ജീവിതാവസാനം വരെ ഓർക്കാനുള്ള സന്തോഷവും അനുഭവങ്ങളും ന ൽകിയിട്ടുണ്ട്. അതുപോലെ കോളേജിലെ ടീച്ചേഴ്സ് ആണെങ്കിലും അവിടെ പ ഠിച്ചിറങ്ങിയ വിദ്യാർഥികൾ ആണെങ്കിലും എവിടെ വച്ച് കണ്ടാലും പറയുന്ന ഒരു കാര്യമുണ്ട് എന്റെ ഈ വീൽ ചെയറും അതിനു ചുറ്റും നിൽക്കുന്ന കുട്ടികളും അവരുടെ കളിയും ചിരിയുമെല്ലാം ഇത് തന്നെയാണ് ക്രിസ്ത്യൻ കോളേജിൽ നിന്നും ലഭിച്ച മറക്കാനാവാത്ത അനുഭവം എന്ന് പറയുന്നത്."

*ക്രിസ്ത്യൻ കോളേജിൽ  പ ഠിക്കുന്നതിനു മുമ്പും ശേഷവും ചേച്ചിക്ക് എന്തൊക്കെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്?*

" ക്രിസ്ത്യൻ കോളേജിൽ എത്തിയതിനു ശേഷം പുതിയ തലമുറയിലെ കുട്ടികളുമായി ചിലവഴിച്ച ഓരോ നിമിഷത്തിൽ നിന്നും എനിക്ക് ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്. ന്യൂ ജനറേഷൻ കുട്ടികൾ എന്നെല്ലാം പറഞ്ഞ് പലതിലും അവരെ വിമർശിക്കുമ്പോഴും എനിക്ക് തോന്നിയിട്ടുള്ളത് പുതിയ തലമുറയിലെ കുട്ടികൾക്ക് എന്തു കാര്യവും വെട്ടി തുറന്നു പറയാനുള്ള ധൈര്യവും അതുപോലെ എനിക്ക് ക്രിസ്ത്യൻ കോളേജിൽ എത്തുന്നതിന് മുമ്പ് വരെ എല്ലാവരിൽ നിന്നും കിട്ടിയിരുന്നത് സിംപതിയായിരുന്നു, എന്നാൽ അവിടെ എത്തിയപ്പോൾ കിട്ടിയത് എന്റെ ഈ കണ്ടീഷൺ മനസ്സിലാക്കി ഒരു പരിഗണന ആയിരുന്നു. എനിക്ക് എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ അവരെല്ലാവരും എന്നെ അവിടെ എത്തിച്ചു തരുന്ന ഒരു രീതി ഇതെല്ലാം എന്റെ ക്ലാസ്സിലെ കുട്ടികളിൽ നിന്നും കിട്ടിയിട്ടുള്ള വലിയ മാറ്റമാണ്. അതുപോലെ മലയാളം ഡിപ്പാർട്ട്മെന്റിലെ ചില അധ്യാപകരും എന്നെ സ്വാധീനിച്ചിട്ടുണ്ട്"

*രമ്യേച്ചിയുടെ സ്വപ്നങ്ങൾ എന്തൊക്കെയാണ്?*

"എല്ലാവരെയും പോലെ സാമ്പത്തിക ഭദ്രതയുള്ള ഒരു ജോലി റെഡി ആകണം, വീട്ടുകാരെ സഹായിക്കണം. എന്റെ ഓരോ ബുദ്ധിമുട്ടിലും വീട്ടുകാരെ പോലെ എന്റെ കൂടെ നിന്ന സുഹൃത്തുക്കളെ എന്നാൽ കഴിയും വിധം സഹായിക്കണം. എന്റെ വലിയൊരു ആഗ്രഹമെന്നത് ജോലിക്കായി പുറം രാജ്യത്തേക്ക് പോകണമെന്നതാണ്. നിലവിലുള്ള പ്രൊഫഷൺ കൂടെ കൊണ്ട് പോവണം. അങ്ങനെ ഇൻഡിപെൻഡൻഡ് ആയിട്ടുള്ള കരിയർ ഉണ്ടാക്കിയെടുക്കണം."

*ചെറിയ കാര്യങ്ങൾക്ക് പോലും പതറി പോകുന്ന ഈ ജനറേഷനോട് ചേച്ചിക്ക് എന്താണ് പറയാനുള്ളത്?*

"ഇന്നത്തെ കാലത്ത് എല്ലാവരും ഒരു തവണയെങ്കിലും കടന്നു പോകുന്ന ഒരവസ്ഥയാണ് depression എന്നു പറയുന്നത്. പണ്ടത്തെ കാലത്ത് ഇതത്രത്തോളം പ്രാധാന്യത്തിൽ വിലയിരുത്ത പെ ടുകയോ ചർച്ച ചെയ്യപ്പെടുകയോ ചെയ്തിരുന്നില്ല. ആ സമയം ഈ അവസ്ഥ അനുഭവിക്കുന്നവരെ ചേർത്തു നിർത്തി അവരുടെ കൂടെ ആരെങ്കിലും ഉണ്ടെന്ന ഒരു ഫീൽ കൊടുക്കേണ്ടതെയുള്ളു. എന്ത് പ്ര ശ്നങ്ങൾ ഉണ്ടായാലും അതിൽ നിന്നെല്ലാം ഒരു ചെറിയ സമയം എടുത്ത് അതിൽ നിന്നും റെഡി ആവാൻ നോക്കുകയാണ് ചെയ്യേണ്ടത്. നമ്മുടെ മനസ്സിൽ എപ്പോഴും ഒരു ലക്ഷ്യങ്ങളോ,സ്വപ്നങ്ങളോ ഉണ്ടെങ്കിൽ അത് നമ്മുക്ക് എന്തിനെ യും മറികടക്കാനുള്ള ധൈര്യം തരും. എനിക്ക് പലപ്പോഴും തോന്നിയിട്ടുള്ള ഒരു കാര്യമാണ് ഈ ജനറേഷനിലെ കുട്ടികൾക്ക് വീട്ടുകാരുമായി അടുപ്പം വളരെ കുറവായിരിക്കും. അതിനാൽ

തന്നെ എന്ത് പ്രശ്നം വന്നാലും അത് വീട്ടിൽ പറയാൻ പേടിയായിരിക്കും അതിൽ നിന്നൊരു മാറ്റം വന്നാൽ അതായത് നമ്മുടെ കുടുംബവുമായി ഒരു ആത്മബന്ധം ഉണ്ടായാൽ തന്നെ വലിയൊരു മാറ്റം kanan കഴിയും. നമ്മുടെ കുടുംബത്തിൽ നിന്നും എന്താണോ കുട്ടികൾ കാണുന്നതും കേൾക്കുന്നതും അത് തന്നെയാണ് അത് തന്നെയാണ് അവർ അവരുടെ ചുറ്റു പാടിലേക്കും ചെയ്യുക.

നല്ല സൗഹൃദങ്ങൾ എപ്പോഴും ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുക. അതിനൊരു ഉദാഹരണമാണ് ഞാൻ തന്നെ, നല്ല കൂട്ടുകെട്ടുകളിൽ കൂടി കടന്നു പോകുമ്പോൾ അവർ നമ്മളിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ , നമ്മുടെ വളർച്ചയിൽ അവർ സന്തോഷിക്കുന്നത് അതുപോലെ നമ്മുക്ക് ചെയ്യാൻ കഴിയാത്ത കാര്യം നമ്മുടെ കൂടെ ഒന്നോ രണ്ടോ ആളുകൾ ഉണ്ടായാൽ ചെയ്യാൻ തോന്നുന്ന ധൈര്യം ഇതെല്ലാം സൗഹൃദങ്ങളിൽ നിന്ന് മാത്രമാണ് കിട്ടുക. അതിനാൽ നല്ല സൗഹൃദങ്ങൾ തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം."





**Aleena O T**
IInd BA History

# വസന്തത്തിന്റെ വരവ്

ഒരു കൂട്ടർ ജാതിയും മതവും
പറയുമ്പോൾ
നീതി കിട്ടാത്തവനെയും പട്ടിണി
കിടക്കുന്നവനെയുംപറ്റി പറയുന്ന മറ്റു
ചിലർ......
ഇന്നലെ പെയ്ത ചാറ്റലിൽ
വിത്തെറിഞ്ഞുണ്ടായതല്ലവർ...

ഈ ചെടിയിലെ പൂക്കളിൻ ദളങ്ങളെ
പിഴുതെറിയാനിരിക്കുന്ന കൂട്ടരേ.....
നിങ്ങളോർക്കുക
ഇനിയും വിരിയും....
വേരു പടരും....
വസന്തമേകും.....





**Kesarben Rajpurohit**
Department of Hindi

# छतरी



क्या फर्क पड़ता है छतरी खुले या नहीं
क्या फर्क पड़ता है छतरी बंद हो या नहीं
क्या फर्क पड़ता है बारिश से बचाए या नहीं

तुझे तो चलना है रास्ते पर, चाहे जो हो
तुझे तो पानी है मंजिल तेरी, चाहे जो हो
खोज निकालना है तुझे, रास्ता हर हाल में,

हौसला हैं तेरे साथ, जीवन संग्राम में
बाधाओं को देखकर, रुक नहीं सकते,
अड़चनों को देखकर, थक नहीं सकते।


माना कि कुछ कठिन पहुंचने तक लगती राह है,
पर सच है सुना 'जहां चाह वही राह' है

बारिश रोके नहीं पर छतरी विश्वास है,
जीत मिले या नहीं पर भरोसा आत्मविश्वास है
सच है आखिर रंग लाती हैं मेहनत,
हो भरोसा खुद पर, होती हैं खुदा की रहमत।



**Niya Mariyam**
IInd BA History

# THE USUAL HOUSEWIFE



Since the morning
with accelerated pace
All the chores done with brisk
Just an appendage
More like servant
what a shattered life
which they called the perfect one
what a shattered life
like the shattered dishes
in the morning rush hour
That’s the usual House wife

**Sooryamedha. E**
Ist BA Malayalam



# സർവ്വ ലഹരികൾക്കുമെതിരെ സംഘടിതമുന്നേറ്റം അനിവാര്യം




എന്തുപറ്റി നമ്മുടെനാടിന് !

എങ്ങും ലഹരി പടരുകയാണ്. കുഞ്ഞുമക്കൾവരെ ലഹരിയുടെ വലക്കണ്ണികളിൽ പെട്ടുപോകുന്നു . സാമൂഹ്യവിപ്ലവങ്ങൾക്ക് കരുത്ത്പകരേണ്ട യുവതലമുറ ലഹരിയിൽ കാലിടറിവീഴുകയാണോ!

ലഹരിപോലെ ഭയപ്പെടേണ്ട മറ്റൊന്ന് മലയാളിയുടെ നിസംഗതയാണ്. ഉപഭോഗസംസ്കാരത്തിന്റെ ഉപ്പുകാറ്റേറ്റ് മലയാളത്തിന്റെ മനസ്സിനും മരവിപ്പ് ബാധിച്ചുതുടങ്ങിയോ!

ലഹരിവസ്തുക്കൾ പ്ര

ളയംപോലെ നാലുദിക്കിൽനിന്നും ഇരമ്പിവരുമ്പോൾ ഈ നിസ്സംഗത ഭയാനകവുമാണ്. പുതിയകാലത്ത് – നാട്ടിൽ കാണാതെപോകുന്ന ചെറുപ്പക്കാരനെ തിരഞ്ഞുനടക്കുന്ന കവിത സോമൻകടലൂർ എഴുതിവെച്ചിട്ടുണ്ട്. അത്തരം തിരച്ചിലുകളിൽ മുതിർന്നവർ കൂട്ടുചേരാത്തതും കാലത്തിന്റെ കനത്തസങ്കടംതന്നെ.

സാമൂഹിക പ്രതിബദ്ധതയുടെ രാഷ്ട്രീയജാഗ്രതയിൽ ഊറ്റംകൊള്ളുന്ന മലയാള നാട്ടിൽ ബോധത്തിന്റെ സിരാപടലങ്ങളെ കാർന്നുതിന്നുന്ന ലഹരിയുടെപൂപ്പലുകൾ പടർന്നുകയറിയത് എങ്ങനെയാണ് ! ആരാണ് കണ്ണടച്ചത്? എന്താണ് കാഴ്ചകളെ മറച്ചത്? ദൈനംദിന പത്രവാർത്തകൾ നമ്മെ ഞെട്ടിക്കുന്നില്ലേ !

60 ദിവസത്തിനകം 30 കൊലപാത കങ്ങൾ എന്ന് സർവ്വെ റിപ്പോർട്ടുകൾ ! കുടുംബ വഴക്കുകൾ, ദാമ്പത്യകലഹങ്ങൾ, സംഘർഷങ്ങൾ, കൊലപാതകങ്ങൾ, അപ കടങ്ങൾ എല്ലാറ്റിനും പിന്നിൽ മദ്യവും മയക്കുമരുന്നും തന്നെ! മദ്യംതന്നെയാണ് മലയാളിയുടെ ജീവിതത്തെ മാന സികമായും. സാമ്പത്തികമായും സാംസ്ക്കാരികമായും തകർത്ത. തകർത്തു കൊണ്ടിരിക്കുന്ന പ്രധാനലഹരി.

കാണാത്ത ലഹരികൾ കാറ്റിൽ എന്ന പോലെ പടരുമ്പോൾ കാണുന്നലഹരിയായ മദ്യത്തിന്റെ വില്പനശാലകൾ ഇപ്പോഴും ചെറുതും വലുതുമായി പല രൂപങ്ങളിൽ നാട്ടിൽ പടരുകയാണ്. പൊതുസമൂഹത്തിന് പ്രതിഷേധിക്കാനുള്ള നിയമങ്ങൾ പോലും നിർവീര്യമാക്കപ്പെട്ടു കൊണ്ടിരിക്കുന്നു. ലഹരിയായതെല്ലാം വിലക്കപ്പെടേണ്ടതു തന്നെ. ആര് വിറ്റഴിച്ചാലും നശിക്കുന്നത് സമൂഹം തന്നെ.

ഒരു രാജ്യത്തിന്റെ ഏറ്റവും വലിയസമ്പത്ത് മാനവവിഭവശേഷിയാണ്. ജനങ്ങൾ ലഹരിക്കടിമപ്പെട്ടാൽ തകരുന്നത് രാജ്യത്തിന്റെ ഏറ്റവുംവലിയ സമ്പത്താണ്. മദ്യം സകല തിന്മകളുടെയും പെറ്റമ്മയും പോറ്റമ്മയും ആണെന്ന തിരുവചനം മറക്കാതിരിക്കുക. മഹാതിൻമയായ മദ്യം നമ്മുടെ മുന്നിൽകാണുന്നലഹരിയായി സർവ്വനാശംവിതച്ചപ്പോൾ നിസ്സംഗതപൂണ്ട് ഒന്നും കാണാത്ത



മട്ടിലും ഒന്നുംമിണ്ടാതെയും സ്വാർത്ഥതയോടെ നടന്നുപോയതിന്റെ കടുത്ത ശിക്ഷയാണ്- ഒട്ടുംവൈകാതെ കണ്മുന്നിൽതന്നെ തൊട്ടടുത്ത തലമുറ കാണാത്തലഹരിയുടെ കയങ്ങളിൽ കാലിടറിവീഴുന്ന ഇന്നത്തെകാഴ്ചയായി നമ്മ ഭയപ്പെടുത്തുന്നത്.

മതങ്ങളെല്ലാം വിലക്കിയതാണ് മദ്യം.എന്നിട്ടും മാന്യതയുടെഭാഗമായി മദ്യം മാറിയത് എങ്ങനെയാണ് ? മതനേതാക്കൾ മൗനംപൂണ്ടിടത്ത് മതവിശ്വാസികൾ ലഹരിയിലേക്ക് കാലിടറിവീണു. രാഷ്ട്രീയദർശനങ്ങൾ മദ്യത്തിനെതിരാണ്. പക്ഷേ അനുയായികൾ മദ്യലഹരിയിൽ നശിക്കുമ്പോഴും മറ്റുലാഭങ്ങൾക്കു വേണ്ടി നേതൃത്വം ഒന്നുംകാണാത്ത മട്ടിൽ കണ്ണടച്ചുനിന്നു. അവരെയാരും തടയാൻശ്രമിച്ചില്ല. രക്ഷിതാക്കൾ

മദ്യത്തിന് കീഴടങ്ങിയപ്പോൾ ജനിത കബന്ധങ്ങളാലും ഗാർഹികജീവിത സാഹചര്യങ്ങളാലും മക്കളാകുന്ന പുതിയതലമുറ വീര്യമേറിയ പുതു ലഹരികൾതേടി ചുവടിടറിവീഴുന്നു.

മദ്യപാനം ആരോഗ്യത്തിന് ഹാനികരം എന്ന ലേബൽ ഒട്ടിച്ച് മദ്യവില്പന പൊടിപൊടിക്കുകയാണ്. ഈയടുത്തകാലത്ത് 800 ലധികംബാറുകൾ ആണ് കേരളത്തിൽ തുറക്കപ്പെട്ടത്. വിദേശികൾക്ക്എന്ന പേരിലാണിവയെങ്കിലും കുടിച്ചുമുടിയുന്നത് പാവം മലയാളികളാണ്. കോടികളുടെ മദ്യമാണ് കേരളം നിത്യേനെ കുടിച്ചു കൊണ്ടിരിക്കുന്നത്. പകലന്തിയോളം പാടുപെട്ടുപണിയെടുത്ത് - കുടുംബംപോറ്റേണ്ട തൊഴിലാളികളുടെ സമ്പത്താണ്ഇവിടെ കൂടുതലായും കൊള്ളയടിക്കപ്പെടുന്നത്. നിത്യദാരിദ്ര്യവും നിത്യരോഗങ്ങളും ദുരിതങ്ങളും സാധാരണക്കാരനെ പിടികൂടുന്നു. കുടുംബങ്ങൾ അശാന്തമാകുന്നു. മദ്യത്തിന്റെവരുമാനം പാപത്തിന്റെ കൂലി തന്നെയാണ് . മദ്യപന്റെ വീട്ടിൽ ഒരു സ്ത്രീയുംസ്വസ്ഥത യല്ല.പിതാവിനാലും ഭർത്താവിനാലും സഹോദരനാലും ബന്ധുക്കളാലും


അവൾ അപമാനിതയാക്കപ്പെടുന്നു. ലഹരിയുടെ വഴിയിലെ ആൺ പെൺ വ്യത്യാസങ്ങളെ ഇല്ലാതാക്കാനുള്ള ഗൂഢശ്രമങ്ങൾ നാട്ടിൽ നടക്കുന്നുണ്ട്. പെട്ടുപോകാതിരിക്കാൻ ഏവരും പ്രത്യേകം മനസ്സ് വയ്ക്കുക.

ആഘോഷങ്ങൾക്ക് ഊർജ്ജം പകരാനെന്നമട്ടിൽ രാസലഹരികൾ പടർത്തുകയാണ്. മരണവീട്ടിൽപോലും മദ്യത്തിന്റെദുർഗന്ധം പരന്നുതുടങ്ങി. ഈയാത്ര നാശത്തിലേയ്ക്കുതന്നെയാണ്. ശ്രീനാരായണഗുരുദേവന്റെ സാമൂഹികപരിഷ്കരണസന്ദേശങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് മദ്യത്തിനെതിരെ ആയിരുന്നു. മദ്യം ഉണ്ടാക്കരുത്, കുടിക്കരുത്, വിൽക്കരുത്. പുതിയകാലത്തിന്റെ ഗുരുസ്മൃതികളിൽ ഈ ഗുരുവചനം തമസ്ക്കരിക്കപ്പെട്ടു പോയതെങ്ങിനെയാണ്? മദ്യവില്പനയെ ന്യായീകരിക്കുന്നവർ പലരുമുണ്ടാകാം.ശ്രദ്ധിച്ചാലറിയാം.. അത്തരക്കാരധികപേരുംമദ്യപിക്കാത്തവരായിരിക്കും. അന്യന്റെ നാശത്തെ അറിഞ്ഞുകൊണ്ട് ന്യായീകരിക്കുന്ന അത്തരംവാക്കുകളെ കരുതിയിരിക്കണം. ന്യായീകരണങ്ങൾ എന്തൊക്കെ നിരത്തിയാലും അവരാരുംതന്നെ സ്വന്തം മക്കൾക്ക് മദ്യം കൊടുക്കാൻ ഒരിക്കലുംതയ്യാറാവുകയുമില്ല.

മഹാതിൻമയായ മദ്യത്തിന് മാന്യത കൽപ്പിക്കുന്ന സമൂഹത്തിന് മറ്റൊരുലഹരിയെയും തടയാനാവില്ല. ധാർമികമായി അതിന് അർഹതയുമില്ലല്ലോ! വ്യക്തിസ്വാതന്ത്ര്യം നേടേണ്ടത് ആരോവെച്ചുനീട്ടുന്ന ലഹരിയുടെ വഴിയിലൂടെയല്ല. മറിച്ച്..ഉന്നതമായ വിദ്യാഭ്യാസത്തിലൂടെയും അത് സമ്മാനിക്കുന്ന തിരിച്ചറിവിന്റെ ഉൾക്കരുത്തിലൂടെയും ആവണം. സാക്ഷരകേരളത്തെ ലഹരിയിൽ മുങ്ങിത്താഴാൻ നാം അനുവദിക്കരുത്.

LP തലംമുതൽ പാഠപുസ്തകങ്ങളിൽ ലഹരിവിരുദ്ധഭാഗങ്ങൾ ഉൾപ്പെടുത്തണം. കുട്ടികൾ കുഞ്ഞുനാളിൽ തന്നെ ലഹരിവിരുദ്ധ ചിന്തയുള്ളവരായി വളരണം. ലഹരിക്കെതിരെ കർശനമായനിയമങ്ങൾ, കാര്യക്ഷമമായനിയന്ത്രണ, നിരീക്ഷണ സംവിധാനങ്ങൾ എന്നിവനാട്ടിൽരൂപപ്പെടണം. സാമൂഹ്യപ്രതിബദ്ധതയുള്ള രാഷ്ട്രീയസാമൂഹ്യ സാംസ്കാരിക പ്രസ്ഥാനങ്ങൾ, മതവിശ്വാസികൾ, യുവജനങ്ങൾ, അധ്യാപകർ, വിദ്യാർഥികൾ തൊഴിലാളികൾ, ആരോഗ്യപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ആശാപ്രവർത്തകർ അങ്ങനെ നാടിന്റെ നാനാതുറയിൽ ഉള്ള എല്ലാവരും സർവ്വലഹരികൾക്കും എതിരെ സംഘടിതമായ മുന്നേറ്റം നാട്ടിൽ നടത്തിയേ പറ്റൂ.്അന്നേ നാട് രക്ഷപ്പെടൂ..

Rafa VT
Ist BSC Maths



# മാലിന്യം നഗരത്തെ നരകമാക്കുമ്പോൾ...



കോഴിക്കോട്; മുഹബ്ബത്തിന്റെ നാട്. കടലും കപ്പലുകളും ചേർന്ന കഥകളുടെ നാട്, കലയുടെയും സാഹിത്യത്തിന്റെയും നാട്, രുചിക്കൂട്ടുകളുടെ മായാജാലത്തിന്റെ നാട്. എന്നാൽ ആരുമറിഞ്ഞില്ല പച്ചപ്പിന്റെ ഈ നാടൊരു മാലിന്യത്തിന്റെ കൂമ്പാരമാവുന്നത്. ഇന്ന് പല തരത്തിലുള്ള മാലിന്യങ്ങളാൽ പൊറുതിമുട്ടുകയാണ് കോഴിക്കോട്ടുകാർ.

കോഴിക്കോടിന്റെ സ്വന്തം എഴുത്തുകാരൻ എസ് കെ പൊറ്റക്കാട് തന്റെ സാഹിത്യങ്ങളിലെ ഓരോ അക്ഷരങ്ങളിലും ഇവിടത്തെ കാറ്റിന്റെ പരിമളത്തെ കുറിച്ച് വിശേഷിപ്പിക്കാറുണ്ടായിരുന്നു. ഇന്ന് ഇതേ കാറ്റ് കോഴിക്കോട്ടുകാർക്ക് അരോചകമാവാറുണ്ട്. ഹോസ്പിറ്റൽ മാലിന്യവും മറ്റുമായി കറുത്ത കളറിൽ ഒഴുകുന്ന കനാലുകൾ, അലക്ഷ്യമായി ഉപേക്ഷിക്കുന്ന ഭക്ഷണവസ്തുകൾ തേടി അലഞ്ഞു നടക്കുന്ന തെരുവുനായകൾ വർദ്ദിക്കുന്നു, തിരക്കേറിയ റോഡിലെ ഓവുചാലുകൾ ദുർഗന്ധവാഹിനികളാകുന്നു.. മൂക്കുപൊത്തിയല്ലാതെ യാത്ര ചെയ്യാനാവാത്ത അവസ്ഥ. ഇതിൽ ഏറ്റവും പ്രധാനമായും എടുത്തു പറയേണ്ട ഒന്നാണ് നഗരമാലിന്യം പേറുന്ന 'ഞെളിയൻ പറമ്പ്'. നഗരമാലിന്യങ്ങളും വഹിച്ച് വരുന്ന വാഹനങ്ങൾക്ക് പുറകേ ഉള്ള യാത്രക്കാരുടെ അവസ്ഥയും പരിതാപകരമാണ്.

കോഴിക്കോട് നഗരത്തിൽ നിന്ന് ഏകദേശം 6 കിലോമീറ്റർ അകലെ മോഡേൺ ബസാറിൽ ഏതാണ്ട് 15 ലധികം ഏക്കറിൽ സ്ഥിതിചെയ്യുന്ന പ്രദേശമാണ് ഞെളിയൻ പറമ്പ്. 'ജനസംഖ്യ വർദ്ധനവും

നഗര പ്രദേശങ്ങളുടെ വളർച്ചയും ദിനംപ്രതി മാലിന്യക്കുന്നുകളെ നിർമ്മിക്കാൻ തുടങ്ങി. 60 വർഷങ്ങളോളമായി കച്ചവടമാലിന്യങ്ങളും ഫ്ളാറ്റുമാലിന്യങ്ങളും വൻതോതിൽ ഇവിടെ നിക്ഷേപിക്കുന്നു. അങ്ങനെ വെറും കുന്നുകൾ മാത്രമായിരുന്ന ഇവിടം കോഴിക്കോടിന്റെ മാലിന്യകുന്നുകളായി മാറി.


മുൻകാലങ്ങളിൽ കോഴിക്കോട് നഗരസഭ  ദിവസേന ഏകദേശം 350 ടണ്ണോളം മാലിന്യം നിക്ഷേപിക്കാറുണ്ടായിരുന്നു ഇതിൽ 80% ത്തോളം അജൈവവും 20% ജൈവമാലിന്യവുമായിരുന്നു. അജൈവമാലിന്യം മണ്ണിനോട് ചേരാതെ വൻ ശേഖരമായിത്തീരുകയും, പ്രദേശത്തിലെ വേസ്റ്റിന്റെ വ്യാപ്തി കൂടികൊണ്ടിരിക്കുകയും ചെയ്തു. തൻമൂലം സമീപപ്രദേശങ്ങളിലെ കിണറുകളിലും മറ്റും മലിനജലം കലരുകയും ത്വക്ക് രോഗങ്ങളും ശ്വാസകോശ അസുഖങ്ങളും മറ്റും ഇവിടുത്തുകാർക് പിടിപെടുകയും ചെയ്തു. മാത്രമല്ല ഈ പ്രദേശവാസികൾക്ക്  വലിയ തോതിലുള്ള പ്രയാസങ്ങൾക്കിടയിലും ഇവിടെ നിന്ന് മാറി താമസിക്കാനോ വസ്തുവിൽപ്പന നടത്തുവാനോ സാധിക്കുമായിരുന്നില്ല. ഇന്നും അസഹനിയമായ ദുർഗന്ധം പല സമയങ്ങളിലും ഈ പ്രദേശത്തെ ഒന്നാകെ മൂടാറുണ്ട്. വീട്ടിൽ വിരുന്നെത്തുന്ന അതിഥികളെയും ഈ ദുർഗന്ധം ബാധിക്കുന്നു. ഇത്തരം ബുദ്ധിമുട്ടുകളാൽ വലഞ്ഞ ജനങ്ങൾ പ്രതിഷേധവുമായി തെരുവിലേക്കിറങ്ങി – 2009 ൽ നടന്ന ജനകീയ പ്രക്ഷോഭത്തിൽ കൈകുഞ്ഞുങ്ങളുമായി തെരുവിലേക്കിറങ്ങിയ സ്ത്രീകളും വയോവൃദ്ധരുമടങ്ങുന്ന ജനകൂട്ടത്തെ പോലീസ് അറസ്റ്റ് ചെയ്യുകയും, കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. പിന്നീട് കേസിന്റെ നൂലാമാലകളുടെ പുറകെ വർഷങ്ങൾ ഞെളിയൻ പറമ്പ് നിവാസികൾ നടക്കേണ്ടി വന്നു. പ്രക്ഷോഭങ്ങൾക്കും സമരങ്ങൾക്കുമൊടുവിൽ സംസ്കരണത്തിനുള്ള മാർഗ്ഗങ്ങൾ കോർപറേഷൻ കൊണ്ടുവന്നു.

കോഴിക്കോട് കോർപ്പറേഷനും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും (BPCL) ചേർന്ന് ഞെളിയൻപറമ്പിൽ ഒരു പുതിയ CBG (compressed Bio Gas) പ്ലാന്റ് സ്ഥാപിക്കാൻ പദ്ധതിയിട്ടു. ഈ പ്ലാന്റ് ദിവസേന 150 ടൺ ജൈവ മാലിന്യം പ്രോസസ്സ് ചെയ്യാൻ ശേഷിയുള്ളതാണെന്നാണ് അധികാരികൾ ചൂണ്ടികാട്ടുന്നത്.

നാം ഉപേക്ഷിക്കുന്ന ഓരോ അജൈവ മാലിന്യവും ഞെളിയൻപറമ്പിലെ കുന്നുകളിലേക്കാണ് പോകുന്നത്. അവിടുത്തെ പ്രദേശവാസികളുടെ ശുദ്ധവായുവിനെയാണ് ഇല്ലാതാക്കുന്നത്. ഈ സ്ഥലം വൃത്തിയാക്കി സാമൂഹ്യപരമായ ഉപയോഗത്തിനും പരിസ്ഥിതി സംരക്ഷണത്തിനും മാറ്റം കൊണ്ടുവരണം.


ഞെളിയൻപറമ്പ് ഒരു സ്ഥലം മാത്രമല്ല; ഒരു നഗരത്തിന്റെ സങ്കീർണ്ണമായ പരിസ്ഥിതി സാമൂഹിക പ്രശ്നങ്ങളുടെ പ്രതീകമാണ്, നമുക്കുമുമ്പിൽ തുറന്നു വച്ച ഒരു പാഠപുസ്തകമാണ് ......






**Halah A M**
IIIrd BA FE

# Traveller



Twilight dwells in the sky
Darkness fills the void
I sat in solitude, thinking
Travelling as far as my imagination goes.
I see your hands ...
Small eyes and curly hair
Beauty unfolds as you speak
Glitter in your eyes fills the void
To see a part of yourself in him
Kids in love never understood!
Promises, adventures, and gifts
As time goes...
Horror fills your heart
The realisation of reality
A world of ignorance
But even when the sky falls apart
I promise to love you as a traveler
The traveller of dreams.
I'll travel once again back in time
Just to feel you once again..!




**Sreekarthik Nambiar**
Ist BA Economics


# മാറുന്ന മലയാളവും മറക്കുന്ന മലയാളിയും



മലയാളം, ദ്രാവിഡ ഭാഷയിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ഒരു മനോഹര ഭാഷ. പരശുരാമൻ മഴുവെറിഞ്ഞപ്പോൾ കടൽ വലിഞ്ഞ് പുറത്തുവന്ന സഹ്യന് പടിഞ്ഞാറുള്ള സ്വർഗ്ഗഭൂമിയിലെ ജനങ്ങളുടെ മാതൃഭാഷ, പരദേശികളുടെ വാക്കുകൾ കടമെടുത്താൽ സംസാരിക്കാൻ,മനസ്സിലാക്കാൻ ഏറ്റവും പ്രയാസമേറിയ ഒരു ഭാഷ.

മേൽപ്പറഞ്ഞതെല്ലാ ദൈവത്തിന്റെ സ്വന്തം നാട് എന്ന് ഊറ്റം കൊള്ളുന്ന ഒരു 'ഠാവട്ടത്തെ' ആളുകൾ സംസാരിക്കുന്ന ഭാഷയുടെ വിശേഷണങ്ങളാണ്. അതിലെല്ലാം എത്രമാത്രം സത്യം ഉണ്ടെന്ന് ചോദിച്ചാൽ നൂറു ശതമാനം എന്ന് നമുക്ക് ആത്മവിശ്വാസത്തോടെ പറയാം. പക്ഷേ ഇവിടെ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്ന വിഷയം അതല്ല, അത് ഈ ഭാഷ സംസാരിക്കുന്ന ആളുകളെ കുറിച്ച് അഥവാ മലയാളികളെ കുറിച്ചുള്ളതാണ്. മലയാളികളും മാതൃഭാഷയായ മലയാളവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ളതാണ്.

മലയാള ഭാഷയുടെ ഉത്ഭവത്തെക്കുറിച്ച് പറയുകയാണെങ്കിൽ നേരത്തെ സൂചിപ്പിച്ചതുപോലെ ഇന്ത്യ എന്ന മഹാരാജ്യത്തിന്റെ തെക്ക് ഭാഗത്തു താമസിക്കുന്ന അല്ലെങ്കിൽ താമസിച്ചിരുന്ന ഒരു പറ്റം ജനങ്ങൾ ഉപയോഗിച്ചിരുന്ന ദ്രാവിഡ ഭാഷയിൽ നിന്നുമാണ് അത് ഉരുത്തിരിഞ്ഞിരിക്കുന്നത്. മലയാളം മാത്രമല്ല തെലുങ്ക്, തമിഴ്, കന്നഡ എന്നിങ്ങനെയുള്ള മറ്റു ഭാഷകളും ഇതേപോലെ ഉരുത്തിരിഞ്ഞുവന്നവയാണ്. എന്നാൽ മാറ്റ് ഭാഷകളിൽ നിന്നും മലയാളത്തിനെ വ്യത്യസ്തമാക്കുന്നത് അതിന്റെ ഉച്ചാരണവും പദങ്ങൾ ചേർത്തുവച്ചിരിക്കുന്ന രീതിയുമെല്ലാമാണ്. അതൊക്കെ തന്നെയാണ് മലയാളത്തെ മറ്റുള്ളവർക്ക് കഠിനമാക്കുന്നതും. എന്റെ ഒരു തമിഴ് സുഹൃത്ത് അഭിപ്രായപ്പെട്ടത് കാതിനിമ്പം പകരുന്ന ഭാഷകളിൽ മലയാളത്തിന്റെ സ്ഥാനം മുൻനിരയിൽ തന്നെയാണെന്നാണ്. കാരണം കേരളത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലുള്ളവർ,വ്യത്യസ്ത ഈണത്തിൽ മലയാളം സംസാരിക്കുന്നത് തന്നെ. പ്രാദേശികമായി പ്രയോഗങ്ങളിലും മറ്റുമെല്ലാം ഉപയോഗിക്കുന്ന വാക്കുകളിൽ വ്യതാസമുണ്ടെങ്കിലും അതെല്ലാവർക്കും എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുമായിരുന്നു.

ഈ പറഞ്ഞതെല്ലാം പോയ്മറഞ്ഞ നല്ലകാലത്തെ കുറിച്ച് എനിക്കുള്ളതും മറ്റുള്ളവർ പറഞ്ഞുകേട്ടതുമായ അഭിപ്രായങ്ങളാണ്. പക്ഷെ ഇന്നത്തെ തലമുറയ്ക്ക് മാതൃഭാഷയുടെ നേരത്തെ സൂചിപ്പിച്ചതു പോലെയൊരു ആത്മബന്ധം ഉണ്ടോയെന്ന് ചോദിച്ചാൽ രണ്ടാമതൊന്നു ചിന്തിക്കേണ്ടിവരും. തമിഴർക്ക് തമിഴിനോടുള്ളതുപോലെ കന്നഡികർക്കും തെലുങ്കർക്കും യഥാക്രമം കന്നഡയോടും തെലുങ്കിനോടും ഉള്ളതുപോലെയൊരു സ്നേഹം മലയാളികൾക്ക് മലയാളത്തോടുണ്ടോ? ഇല്ലാ എന്നാണ് എന്റെ അഭിപ്രായം. ചുരുങ്ങിയത് ഈ തലമുറയിലും ഇനിവരുന്ന തലമുറയിലും ഞാൻ ഈപ്പറഞ്ഞകാര്യം ബാധകമാണ്



“ജനിച്ചനാൾതൊട്ടെൻമകനിഗ്ലീഷു പറഞ്ഞിടാൻ ഭാരൃതൻ പേ റങ്ങിംഗ്ലണ്ടിലാക്കി ഞാൻ ‘മലയാളത്തിന്റെ എക്കാലത്തേയും പ്രിയങ്കരനായ



കുഞ്ഞുണ്ണി മാസ്റ്റർ പറഞ്ഞ വരികൾ. വെറുതെ മലയാളിയെ കളിയാക്കാനോ അല്ലെങ്കിൽ തന്റെ സ്വതസിദ്ധമായ നർമ്മം ഫലിപ്പിക്കാൻ വേണ്ടിയോ

കുഞ്ഞുണ്ണി മാസ്റ്റർ പറഞ്ഞതല്ല ഈ വരികൾ എന്ന് നമുക്ക് ഒന്നാലോചിച്ചാൽ മനസ്സിലാവും. പല മലയാളികളും പേറ് ഇംഗ്ലണ്ടിലാക്കാത്തത് ജന്മം തന്ന നാടിനോടുള്ള സ്നേഹം കൊണ്ടല്ല, മറിച്ച് കൈയിൽ പണമില്ലാത്തതിനാലാണ്. അതുകൊണ്ടാണ് കൂലിപ്പണിയെടുത്ത് ഒരു നേരം പട്ടിണി കിടന്നിട്ടാണെങ്കിലും പലരും മക്കളെ സർക്കാർ ഇതര ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർക്കുന്നത്. ഇത്തരം സ്കൂളുകളിൽ മലയാളം സംസാരിച്ചാൽ നല്ല അടിയും കിട്ടുമെന്ന് ഞാൻ എന്റെ അനുഭവത്തിലൂടെ സാക്ഷ്യപ്പെടുത്തുന്നു. ഇങ്ങനെ മലയാളത്തെ വിലകുറച്ച് കണ്ട് ഇംഗ്ലീഷ് സംസാരിക്കുന്ന പുരോഗമന മലയാളിക്ക് മലയാളഭാഷയിലെ പ്രയോഗങ്ങൾ എത്രമാത്രം വഴങ്ങുമെന്നത് നമുക്ക് ഊഹിക്കാം.

ഭാഷാ പിതാവായ എഴുത്തച്ഛനെ പോലും അറിയാത്തവരാണ് ഈ തലമുറയിലെ പലരും ആയതിനാൽ ത്തന്നെ ഈ തലമുറ ഉപയോഗിക്കുന്ന ഭാഷയിലും വാക്കുകളിലും പ്രയോഗങ്ങളിലും വ്യത്യാസം പ്രകടം. വ്യത്യസ്തമായ രീതിയിൽ ഭാഷ സംസാരിക്കുന്നത് തെറ്റാണോ? ഒരിക്കലുമല്ല, പക്ഷെ കാലാകാലങ്ങളായി പിന്തുടർന്നു വന്ന മൂല്യങ്ങളെയും സംസ്കാരത്തെയും എല്ലാം കാറ്റിൽ പറത്തി അർത്ഥശൂന്യമായ രീതിയിൽ ഭാഷ സംസാരിക്കുന്നത് തെറ്റു തന്നെയാണ്.

പുതുമലയാളം, അഥവാ ന്യൂജെൻ മലയാളം എന്നത് തീർത്തും വികലമാണെന്നാണ് പഴയ തലമുറയുടെ വാദം! എന്നാല് അതിൽ എത്രത്തോളം സത്യമുണ്ട്? അങ്ങനെ തീർത്തും അടച്ചാക്ഷേപിക്കാൻ മാത്രമൊന്നും മോശമല്ല സംസാര രീതി എന്നത് ഈ തലമുറയിലെ അംഗം എന്ന രീതിയിൽ പറയട്ടെ.പക്ഷേ അത് മലയാളത്തിന്റെ പൈതൃകത്തിൽ നിന്നും സംസ്കാരത്തിൽ നിന്നും ഏറെ അകലെയാണ് എന്നകാര്യത്തിൽ സ്കൂളിൽ പോകുന്നത് വിദ്യ അഭ്യസിക്കാനാണ് അതുകൊണ്ട് കുളിച്ചിട്ടേ പോകാവൂ എന്ന് പറഞ്ഞ അച്ഛനെ 'തന്ത വൈബ്' എന്ന്



വിളിച്ച് കളിയാക്കിയ എന്റെ സ്വന്തം അനിയനെ സ്മരിച്ചു കൊണ്ട് ഞാൻ അംഗീകരിക്കുന്നു. പിതാവിന്റെ മനസ്സിലുള്ളത് അദ്ദേഹം പറയാതെ തന്നെ നടത്തിക്കൊടുക്കുന്നനാണ് ഉത്തമനായ പുത്രനെന്ന് അഭിപ്രായപ്പെട്ട തുഞ്ചന്റെ കളികളിൽ നിന്നും ഇന്നത്തെ മലയാളിയുടെ കാഴ്ചപ്പാട് ഏറെ വ്യത്യസ്തമാണെന്നതിന് മേൽപ്പറഞ്ഞ ഒരു ഉദാഹരണം മാത്രം മതിയാകും.


ഇനി എന്തൊക്കെയാണ് ഇന്നത്തെ മലയാളത്തിന്റെ അഥവാ ന്യൂജെൻ മലയാളത്തിന്റെ പ്രത്യേകതയെന്നു നോക്കാം.

തന്ത വൈബ്, പട്ടിഷോ , പോസ്റ്റ് എന്നിങ്ങനെ പ്രയോഗങ്ങളും പൊളിസാനം, കിടു, വൈബ്, കണ്ണാപ്പി, കുലസ്ത്രീ മുതലായ പദങ്ങൾ ന്യൂജൻ ഭാഷയിൽ സർവ്വ സാധാരണമാണ്. ഉപ ദേശിച്ചാൽ അല്ലെങ്കിൽ വ്യക്തമായ കാഴ്ചപ്പാടുകൾ പങ്കുവെച്ചാൽ ഒരാൾ തന്ത വൈബ് എന്ന പദത്തിന് അർഹനാകുന്നു. വെറുതെ ആളുകളുടെ മുന്നിൽ ആളാവാൻ നോക്കിയാൽ അയാൾക്ക് പട്ടിഷോ എന്ന പട്ടം ചാർത്തികിട്ടും. എവിടെയെങ്കിലും ഒന്നും ചെയ്യാനില്ലാതെ മാനത്തേക്ക് നോക്കി നിൽക്കുമ്പോൾ പ്രയോഗിക്കുന്ന പദമാകുന്നു പോസ്റ്റ്. എന്തെങ്കിലും ന ല്ലതെന്ന് തോന്നിയാൽ അത് പൊളിസാനം, അതിനി വസ്തുവായ, സ്ഥലമോ, മറ്റൊരു വ്യക്തിയോ ആവാം. കിടു എന്തിനെയെങ്കിലും ഇഷ്ടപ്പെടുമ്പോൾ പ്ര യോഗിക്കുന്നതും കുലസ്ത്രീ സ്ത്രീകളെ കളിയാക്കാൻ ഉപയോഗിക്കുന്ന വാക്കും ആകുന്നു. ഇത്രയും നേരം പ റഞ്ഞത് ന്യൂജെനറേഷൻ മറ്റുള്ളവർക്ക് ചാർത്തികൊടുത്ത പട്ടമാണെങ്കിൽ കണ്ണാപ്പി എന്നത് മുതിർന്നവർ ഈ തലമുറയ്ക്ക് നൽകിയ വിശേഷണമാണ് ഇത്തരം വാക്കുകളുടെ പ്രചാരണത്തിലും സ്വീകാര്യതയിലും സോഷ്യൽ മീഡിയ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. മലയാളം അറിയില്ലെന്ന് പറഞ്ഞാൽ അല്ലെങ്കിൽ സംസാരത്തിനിടയിൽ നാലും അഞ്ചും ഇംഗ്ലീഷ് വാക്കുകൾ തിരുകിക്കയറ്റിയാൽ അത് സമൂഹത്തിൽ വില നൽകും എന്ന വിശ്വാസം ഈ തലമുറക്കിടയിൽ ഉണ്ട്.

എങ്ങനെയാണ് മലയാളത്തിന് ഇങ്ങനെയൊരു ദുർഗ്ഗതി വന്നതെന്ന് ചോദിച്ചാൽ എന്റെ അഭിപ്രായത്തിൽ അതിനുള്ള കാരണം കുറെ മുന്നേ തന്നെ തുടങ്ങിയതാണ്. ഏറെ അഭിമാന ത്തോടെ നമ്മൾ പറയുന്ന ഒരു കാര്യമുണ്ട് ‘ലോകത്തിന്റെ ഏതു മൂലയിൽ ചെന്നാലും അവിടെ ഒരു മലയാളി ഉണ്ടാകുമെന്ന്’, അത് സത്യമാണ് ജീവിതം പച്ച പിടിപ്പി

ക്കാൻ അവസരങ്ങൾ തേടി ലോകം മൊത്തം എത്തിയവരാണ് മലയാളികൾ. പക്ഷേ അങ്ങനെ ചെന്ന മലയാളികൾ ഭൂരിഭാഗവും ജന്മനാട്ടിലേക്ക് തിരിച്ചു വന്നിട്ടില്ല എന്ന കാര്യം കൂടി നമ്മൾ ഓർക്കണം . അതിൽ എത്ര പേരുടെ മക്കൾക്ക് മലയാളം വ്യക്തമായി അറിയാം എന്നുള്ളതും നാം പലപ്പോഴും മറക്കുന്നു. പക്ഷേ വിദേശത്തുള്ളവർ ഭാഷ മറന്നാൽ അതെങ്ങനെ ഇവിടെയുള്ളവരെ ബാധിക്കും? ന്യായമായ ചോദ്യം, അതിനുള്ള ഉത്തരവും വളരെ ലളിതം. മൊബൈൽ ഫോൺ, മനുഷ്യന്റെ ഏറ്റവും മികച്ച കണ്ടുപിടിത്തം പതിയെ പതിയെ എല്ലാവരിലേക്കും എത്തിയപ്പോൾ ആളുകളുടെ സ്വപ്നങ്ങളിലും, ചിന്തകളിലും അത് പ്രകടമായ മാറ്റം കൊണ്ടുവന്നു. അവരുടെ ജീവിത ശൈലിയും ഭാഷാവ്യത്യാസവും നാടിൻപുറത്തുകാരെ സ്വാധീനിച്ചു. അതിനുള്ള തെളിവാണ് കേരളത്തിന്റെ ഓരോ മുക്കിലും മൂലയിലും കുന്നുകൾ പോലെ മുളച്ചു പൊന്തുന്ന ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസസ്ഥാപനങ്ങൾ. അഞ്ചാമത്തെ വയസ്സിൽ അച്ഛൻ എന്ന് പറഞ്ഞതിന് അധ്യാപകന്റെ കൈയിൽ നിന്നും അടി വാങ്ങിയ കുട്ടി ഇരുപത്തിയഞ്ചാം വയസ്സിൽ ഡാഡി എന്നും പോവ്സ് എന്നുമുള്ള ന്യൂജെൻ പ്രയോഗങ്ങൾ ഉപയോഗിച്ചാൽ തെറ്റു പറയാൻ പറ്റില്ല. ഇനി സർക്കാർ വിദ്യാലയങ്ങളുടെ കാര്യം പരിഗണിച്ചാൽ പാഠപുസ്തകത്തിൽ  അക്ഷരമാല ഇല്ല! അക്ഷരമാല പഠിക്കാത്ത ഒരു കുട്ടിക്ക് വള്ളത്തോളിനെപ്പോലെ മനോഹരമായ പദസമ്പത്ത് ഉണ്ടാക്കണമെന്ന് വാശിപിടിക്കുന്നത് തീർത്തും അബദ്ധം. നമ്മുടെ നാട്ടിലെ പല സി.ബി.എസ്.സി വിദ്യാർത്ഥികളെയും ഫാമിൽ ബ്രോയ്‌ലർ  കോഴികളെ പോലെയാണ് എനിക്ക് തോന്നിയിട്ടുള്ളത്. എന്റെ മകന് പത്ത് വയസ്സായി പക്ഷേ മലയാളം അറിയത്തേയില്ല. സംസാരം മൊത്തം ഇംഗ്ലീഷിലും, ഹിന്ദിയിലും എന്ന് നെഞ്ച് വിരിച്ച് അഭിമാനത്തോടെ പറയുന്ന പലരെയും ഞാൻ മനസ്സിൽ പുച്ഛിച്ചിട്ടുമുണ്ട്. 'മാതൃഭാഷയെ മറന്നവൻ പെറ്റ അമ്മയെയും മറക്കും' എന്ന് തന്നെ ഞാൻ ഉറച്ചു വിശ്വസിക്കുന്നു. പണ്ട് എന്റെ മകൻ അമേരിക്കയിലാണെന്ന് പറഞ്ഞിരുന്ന (അഭിമാനത്തോടെ) എന്റെയൊരു അയൽവാസി അവരുടെ ഭാര്യ മരിച്ചിട്ടും വരാത്ത മകനെ പഴിക്കുന്നതു കേട്ടപ്പോഴാണ് എനിക്ക് ശരിക്കും വിഷമമായത്. ആദ്യകാലത്ത് ഒരു  തുള്ളി വെള്ളം കൊടുക്കാൻ പോലും മകൻ അടുത്തുണ്ടായില്ലെന്ന് മാത്രമല്ല മരിച്ച് അഞ്ച് നാൾ കഴിഞ്ഞ് മകനും കുടുംബവും വന്നപ്പോൾ 3 വയസ്സുള്ള ചെറുമകൻ ആംഗലേയത്തിൽ 'ഹൂ ഈസ് ദാറ്റ് വുമൺ' എന്ന് ചോദിച്ചപ്പോൾ മരുമകൾ കഷ്ടപ്പെട്ട് കുഞ്ഞിന്റെ വായ പൊത്തിയതും ആ അച്ഛന്റെ കണ്ണ് നനയിച്ചെന്ന് പ്രത്യേകം പറയേണ്ടല്ലോ.

ഇനി ഈ മാറ്റങ്ങൾ നല്ലതിനാണോ? അല്ല ഒരിക്കലുമല്ല. മണ്ണുമായി യാതൊരു ബന്ധവുമില്ലാതെ മനുഷ്യനുമായി യാതൊരു ബന്ധുവുമില്ലാതെ അമ്മയേയും ഭാഷയേയും മറന്നുള്ള ഈ പോക്ക് അപകടത്തിലേക്ക് തന്നെയാണ്. ഞാൻ നേരത്തേ പറഞ്ഞ അവസ്ഥയായിരിക്കും കേരളത്തിലെ പല വീടുകളിലും ഭാവിയിൽ നമ്മൾ കാണുക. ആരെയും വിലവെക്കാതെയുള്ള ഈ പോക്ക് നിൽക്കട്ടെ എന്ന് തന്നെ ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. കേവലം നാലരക്കോടി ആളുകൾ മാത്രം സംസാരിക്കുന്ന സുന്ദരമായ ഈ ഭാഷ എക്കാലവും നിലനിൽക്കട്ടെ അതിനായി നമ്മുക്ക് ഒന്നിച്ച് പരിശ്രമിക്കാം, പരിശ്രമിച്ചേ പറ്റൂ. വള്ളത്തോൾ പറഞ്ഞപോലെ 'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്യന്ന് പെറ്റമ്മ തൻ ഭാഷതാൻ'.



**Swathika S Shaji**
Ist BA Malayalam

# കണ്ണ്

മകൾ അമ്മയെ നോക്കി നിർത്താതെ കൈകൊട്ടുകയാണ്. മുഴുവൻ പല്ലുകളും കാണിച്ചു ഇളകി ചിരിക്കുന്ന മകൾ. അമ്മയ്ക്കൊഴിച്ചു ആ സദസിലെ മറ്റേവർക്കും ആ കയ്കൊട്ടലും ഉറക്ക ചിരിയും അസ്വസ്ഥത തന്നെയാണ് തീർച്ച. അസ്വസ്ഥത അടക്കി പിടിച്ച അസാധ്യ പ്രകടനം കാഴ്ച വയ്ക്കുന്ന മനുഷ്യ മുഖങ്ങൾ ചുറ്റും വ്യക്തമായിരുന്നു.

മികച്ച അഭിനേത്രിക്കുള്ള ദേശിയ പുരസ്കാരം വാങ്ങുന്ന അമ്മ; അമ്മയെ പ്രോത്സാഹിപ്പിക്കുന്ന ADHD ബാധിച്ച ഒൻപത് വയസുകാരി മകൾ. സ്റ്റേജിൽ നിന്നും ഇറങ്ങി വരുന്ന അമ്മ മക്കളേ ആകാശത്തോളം എടുത്തുയർത്തുന്നതു കാണാനും സ്നേഹ പ്രകടനം ഒപ്പിയെടുക്കാനും സജ്ജരായി നിൽക്കുന്ന കഴുകൻ ക്യാമറ കണ്ണുകൾ, വികാരങ്ങളെ വിൽക്കാൻ ആവേശം തുളുമ്പുന്ന കച്ചവട വിദഗ്ധർ, വരും ദിവസങ്ങളിലെ പ്രധാന വാർത്താകോളം നിറയ്ക്കാൻ ഇതിൽ മികച്ചതായി മറ്റെന്തുണ്ട്? പക്ഷെ, സ്റ്റേജിൽ നിന്നും ഇറങ്ങിയ അമ്മ മകളേ നോക്കി ഒന്നു പുഞ്ചിരിച്ചു കൊണ്ട് കൈ ഉയർത്തി കാണിച്ചു, 'യെ വി ഡിഡ് ഇറ്റ്' അത്രമാത്രം. ആ പുഞ്ചിരിയിൽ കൈയ്യടിയിൽ ഒതുങ്ങുന്ന വികാരങ്ങൾ. ആ വികാരങ്ങളെ ഏറ്റവും സ്വകാര്യമായി വയ്ക്കാൻ താല്പര്യപെടുന്ന മനുഷ്യജീവിതങ്ങൾ.

പ്രതീക്ഷ സഫലമാകാത്ത ചില കണ്ണുകള്ളിൽ ഒരു സാമ്രാജ്യം തന്നെ നഷ്ട്ടപെട്ടുപോയ ദുഃഖം ആർത്തിയടങ്ങാത്ത മനുഷ്യർ മൈക്ക് മകളുടെ മുഖത്തോട് അടുപ്പിച്ച് വീണ്ടും ആത്മാവിനെ ചൂഴ്ന്നെടുക്കനുള്ള ശ്രമം

'മകൾക്ക് ഇപ്പോൾ എന്ത് തോന്നുന്നു... '?







**R Vigneshwer Ramesh**
IInd BSC Physics

# THE PHYSICS OF TIME TRAVEL FACT OR FICTION?

Is time travel really possible? Have you ever wished you could go back in time or see the future? Are these just possible in movies? "Time travel" is a popular topic in science fiction movies, but in reality, yes, some physics ideas support this theory. Time is not just some ticking of clock, it's beyond that.

Albert Einstein's 'Theory of





relativity' explains about this. In simple words, this theory explains that space and time are relative, not absolute, and are linked together as a single entity called spacetime. Time travel to future is scientifically possible based on Einstein's theory of special relativity; For example, when we are able to travel at speed of light ($3 \times 10^8$ m/s), time will pass slower to us compared to people on Earth. Thus time travel to Future is theoretically possible. But, time travel to past is very controversial and not proven yet.

There are some theoretical ideas. For example Wormholes, these are said to be shortcuts through spacetime that could connect two points in time. Closed Time-like Curves (CTC's) that are said to be paths through spacetime that loop back on themselves.


